നം.ഇ.എക്സ്./സിജിഎൽ1/53000/2025/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 03/07/2026

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (K.TET) ഡിസംബർ 2025 - പരീക്ഷാർത്ഥികളുടെ അസൽ സർട്ടിഫിക്കറ്റ് പരിശോധന - തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) 20/09/2025 ലെ ഇതേ നമ്പർ പരീക്ഷാവിജ്ഞാപനം.
2) 29/06/2026 ലെ ഇതേ നമ്പർ സർക്കുലർ.
3) 01/07/2026 ലെ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പുറത്തെഴുത്ത് കത്ത് നമ്പർ 815/M(G.Edn & MW)/2026.

*************

കെ-ടെറ്റ് ഡിസംബർ 2025 പരീക്ഷയിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി സൂചന (2) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ തുടർച്ചയായി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ അധികമായി നൽകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- നിയമന അംഗീകാരത്തോടുകൂടി സർവ്വീസിൽ തുടരുന്ന അധ്യാപകർ, അവർ നിലവിൽ അംഗീകാരത്തോടെ ജോലി ചെയ്ത് കൊണ്ടിരിക്കുന്ന തസ്തികയിലേക്ക് ആവശ്യമായ കെ-ടെറ്റ് കാറ്റഗറി വിജയിച്ചിട്ടുള്ള പക്ഷം ആയതിന്റെ സർട്ടിഫിക്കറ്റ് പരിശോധന പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ബുക്കിലെ രേഖപ്പെടുത്തലുകളുടെയോ, സർവ്വീസ് ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെയോ അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടതാണ്.
- സെക്കന്ററി സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റിൽ (എസ്.എസ്.എൽ.സി) ജാതി, മതം, കാറ്റഗറി എന്നിവ രേഖപ്പെടുത്തിയിട്ടുള്ളപക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങളുടെ പരിശോധന നിർവ്വഹിക്കേണ്ടതാണ്. ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണമെന്ന് നിർദ്ദേശിക്കേണ്ടതില്ല.
- സെക്കന്ററി സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റിൽ (എസ്.എസ്.എൽ.സി) ജാതി, മതം, കാറ്റഗറി എന്നിവ രേഖപ്പെടുത്തിയിട്ടില്ല എങ്കിൽ മാത്രം ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.

OFFICE OF THE COMMISSIONER FOR GOVT.EXAMINATIONS PAREEKSHA BHAVAN TRIVANDRUM-695012